## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2989** **07.12.2018-ൽ മറുപടിക്ക്**

## ഇതരസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഹൈബി ഈഡൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിലെ ശുചിത്വം, ജീവിത സാഹചര്യം എന്നിവയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;<br>(ബി) ഇത്തരം ക്യാമ്പുകളിൽ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്ന സാഹചര്യം നിലനിൽക്കുന്നത് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും ഇത്തരത്തിൽ ഒരു പഠനം തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ജീവിതസൗകര്യവും ശുചിത്വവും ഉറപ്പ വരുത്തുന്നതിന് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ.(സാധാ)960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ക്യാമ്പുകളിൽ പരിശോധന നടത്തുമ്പോൾ ഈ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയും മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുകയും ചെയ്യാറുണ്ട്. മെഡിക്കൽ ക്യാമ്പുകളിലെ പരിശോധനയിൽ ഇതര സംസ്ഥാന തൊഴിലാളികളിൽ ചിലരിൽ സാംക്രമിക രോഗങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.